**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2977** **13-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ക്രിയേറ്റീവ് ഇൻഡസ്ട്രിക്ക് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ ക്രിയേറ്റീവ് ഇൻഡസ്ട്രിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഡിജിറ്റൽ ആർട്ട് പ്രൊഫഷണല്ലുകളുടെ നൈപുണ്യ വികസനത്തിനുമായി പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | കലാസാംസ്കാരിക മേഖലകളിലെ സമസ്ത ജനവിഭാഗങ്ങളെയും ഓൺ ലൈൻ പ്ലാറ്റ് ഫോമിൽ അണിനിരത്തിക്കൊണ്ട് വിവിധ കലകൾ പ്രദർശിപ്പിക്കുന്നതിനും അവർക്ക് സാമ്പത്തിക സഹായം എത്തിക്കുന്നതിനും 'മഴമിഴി' എന്ന പേരിൽ നവമാധ്യമ കലാസംഗമം സാംസ്കാരിക വകുപ്പ് സംഘടിപ്പിച്ചു വരുന്നു. ഭാരത് ഭവന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി നടത്തുന്നത്. ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ് എന്നിവയിൽ അന്താരാഷ്ട്ര നിലവാരമുള്ള സ്റ്റുഡിയോകൾ ഉപയോഗിച്ച് സംസ്ഥാനത്ത് ഈ മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കാനുദ്ദേശിച്ചുള്ള "ഗെയിമിംഗ് ആനിമേഷൻ ഹാബിറ്റാറ്റ്" എന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ പരിശീലന പരിപാടികളും ഹ്രസ്വകാല കോഴ്സുകളും നടത്തുന്നതിന് വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം 50 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ